പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 464 02/12/2014- ലെ മറുപടിക്ക്

## നികുതി ബാദ്ധ്യത

| ചോദ്യം<br>ശ്രീ. ജി.സുധാകരൻ<br>ശ്രീ. ബി.സത്യൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. വി.ചെന്താമരാക്ഷൻ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ബജറ്റിൽ സൂചിപ്പിക്കാതെയും നിയമസഭയിൽ ചർച്ച ചെയ്യാതെയും കനത്ത നികുതി ഭാരവും ബാദ്ധ്യതകളും ജനങ്ങളുടെ മേൽ ഓർഡിനൻസിലൂടെ അടിച്ചേൽപ്പിക്കുന്നത് ഭരണഘടന വിരുദ്ധവും കീഴ് വഴക്കമില്ലാത്തുതുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)&<br>(ബി) | ഓർഡിനൻസിലൂടെ നികുതി ഏർപ്പെടുത്തുന്നത് ഭരണഘടനാ വിരുദ്ധമല്ല. ഇത്തരം കീഴ് വഴക്കങ്ങൾ ഉണ്ട്. ഗവർണറുടെ അനുമതിയോടെയാണ് ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. തുടർന്ന് ഭരണ ഘടനയുടെ ആർട്ടിക്കിൾ 207(1) പ്രകാരം ബഹു. ഗവർണറുടെ ശുപാർശയോടെയാണ് ബില്ല് നിയമസഭയിൽ അവതരിപ്പിക്കുന്നത്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | | |
| (സി) | ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാത്തപ്പോഴും ഇത്രയും ഉയർന്ന തോതിൽ സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കുന്നതിന് ഇടയായ സാഹചര്യം കെടുകാര്യസ്ഥതയും അഴിമതിയും മൂലമാണെന്ന ആക്ഷേപത്തിൽ, നിലപാട് വ്യക്തമാക്കുമോ; | (സി) | സംസ്ഥാന ഖജനാവ് അഭിമുഖീകരിക്കുന്ന സാമ്പത്തിക വെല്ലുവിളികൾ തരണം ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായാണ്, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി അധിക ധനാഗമ മാർഗ്ഗങ്ങൾ ഓർഡിനൻസ് മുഖേന അടിയന്തിരമായി നടപ്പിലാക്കിയത്. |
| (ഡി) | എന്തുകൊണ്ടാണ് ഇത്തരമൊരു സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കും വികസന മുരടിപ്പിലേയ്ക്കും സംസ്ഥാനം എത്തിച്ചേർന്നിട്ടുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തിന്റെ വികസനം മുരടിപ്പിക്കുന്ന തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. |

സെക്ഷൻ ഓഫീസർ